വിവരങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനായി പത്രമാധ്യമങ്ങളിൽ പരസ്യം നൽകുകയും ഇത്തരത്തിൽ സംസ്ഥാന ഭാഗ്യക്കുറി ഉപയോഗിച്ച് സ്വകാര്യ സ്കീമുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് നിയന്ത്രിക്കുന്നതിനായി കേരള പേപ്പർ ലോട്ടറിസ് (റെഗുലേഷൻ) റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി 28-1-2011-ന് G.O.(P) No.142/11/TD ആയി സർക്കാർ ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് സഹായം

202(1459) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണത്തിന് സഹായം നൽകാമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സഹായം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തികസഹായം എപ്പോൾ നൽകാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ടെക്സ്ഫെഡിനു കീഴിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി NCDC സഹായത്തോടെ നടത്തുന്ന പദ്ധതിക്കുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചിരുന്നു.

(സി&ഡി) ടെക്സ്ഫെഡിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് 2009-10-ലെ ബഡ്ജറ്റിൽ അനുവദിച്ച 3 കോടി രൂപയിൽ 1.5 കോടി രൂപ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പുനരുദ്ധാരണ പ്രർത്തനങ്ങൾക്കായി ടെക്സ്ഫെഡിന് വ്യവസായ വകുപ്പിൽ നിന്ന് 21-8-2009-ൽ പുറപ്പെടുവിച്ച സ.ഉ.(സാധാ)നമ്പർ 1110/2009/വ്യവ.ഉത്തരവുവഴി അനുവദിച്ചു നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പദ്ധതി നിർവ്വഹണം

203(1460) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി 31 വരെ സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തിൽ എത്ര ശതമാനം ചെലവഴിക്കാനായി എന്നു വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly